**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3150** | **21/06/2013-ൽ മറുപടിക്ക്** |

**ബഡ്സ് സ്കൂളുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ. ഡോ.എം.കെ. മുനീർ**<br>ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി | |
| (എ) | ബഡ്സ് സ്കൂളുകൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളും സഹായങ്ങളും എന്തെല്ലാം; വിശദമാക്കാമോ; | (എ) | ബഡ്സ് സ്കൂളുകൾ ആരംഭി ക്കുന്നതിനു വേണ്ട നപടികൾ സ്വീകരിക്കേണ്ടത് അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. കുടുംബശ്രീ ബഡ്സ് സ്കൂൾ അദ്ധ്യാപകർക്കും ജീവനക്കാർക്കും വേണ്ട പരിശീലനങ്ങൾ നൽകുകയും സ്കൂൾ വാഹനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും ആണ് പ്രധാനമായും ചെയ്യുന്നത്. കൂടാതെ ബഡ്സ് സ്കൂളുകളിലെ കുട്ടികൾക്ക് ഉപജീവന പരിപാടികൾ സംബന്ധിച്ചുള്ള മാർഗനിർദ്ദേശങ്ങളും കുടുംബശ്രീ മുഖേനനൽകാറുണ്ട് ഇതിനോടനുബന്ധിച്ച് തെരെഞ്ഞെടുക്കപ്പെട്ട 22 ബഡ്സ് സ്കൂളുകൾക്ക് എൻ.ആർ.എൽ.എം ന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 9.35 ലക്ഷം രൂപ വീതം ഉപജീവന പരിപാടികൾ ആരംഭിക്കുന്നതിനുള്ള ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ബഡ്സ് സ്കൂളുകളുകൾ അനുവദിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം - വ്യക്തമാക്കുമോ; | (ബി) | ബഡ്സ്സ്കൂൾ അനുവദിക്കുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ സ.ഉ (എംഎസ്) നം 148/09/തസ്വഭവ തീയതി 29/7/2009 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട് ആയതിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പട്ടികജാതി പിന്നോക്ക വിഭാഗ മേഖലയായ പുളിമാത്ത് പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ച ബഡ്സ്സ്കൂളിന് വാഹനം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുവേണ്ട നടപടി സ്വീകരിക്കുമോ? | (സി) | പുളിമാത്ത് ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്കൂളിന് പിഡബ്ല്യുഡി അംഗീകാരം ഡിപിഐയിൽ നിന്നും ലഭിച്ചിട്ടില്ല. രജിസ്ട്രേഷൻ ലഭിച്ച് പ്രസ്തുത വിവരം കുടുംബശ്രീയിൽ അറിയിക്കുന്ന മുറയ്ക്ക് മാത്രമേ ആയത് ബഡ്സ് സ്കൂളായി പരിഗണിക്കാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**